# നവവൃന്ദം മാലാഖമാർ

എവുപ്രാസ്യമ്മയ്ക്ക് മാതാവ് 9-ാം വയസ്സിൽ പ്രത്യക്ഷപ്പെട്ട് മാലാഖവൃന്ദങ്ങളോടു കൂടി ദൈവത്തെ ആരാധിക്കാൻ എല്ലാ നിർദ്ദേശങ്ങളും (സമയമടക്കം) നൽകുന്നു. (ലിഖിതങ്ങൾ കത്ത് 31)

## സ്രാഫേന്മാർ



**സ്തുതിപ്പിന്റെ കൃപ നൽകുന്നവർ**

*4 a.m. - 6 a.m.*

"1 -ാം വൃന്ദം മാലാഖമാരോട് ചേർന്ന് നിന്റെയും ശേഷം പേരുടെയും പേർക്ക് ഈശോയെ ആരാധിക്കുന്നു."

**എളിമ എന്ന പുണ്യം അഭ്യസിക്കുക.**

## ക്രോവേന്മാർ



**പരിശുദ്ധിയിലേക്ക് നയിക്കുന്നവർ**

*6 a.m. - 8 a.m.*

"2-ാം വൃന്ദം മാലാഖമാരോട് ചേർന്ന് നിന്റെയും ശേഷം പേരുടെയും പേർക്ക് ദൈവത്തിന് സ്തോത്രം ചെയ്യുന്നു."

**ദൈവസ്നേഹം അപേക്ഷിക്കുക.**

## ഭദ്രാസനന്മാർ



**ദൈവീക ശ്രവണം നൽകുന്നവർ**

*8 a.m. - 10 a.m.*

"3-ാം വൃന്ദം മാലാഖമാരോട് ചേർന്ന് നിന്നേയും സകലരേയും ദൈവത്തിന് കാഴ്ചവെയ്ക്കുകയും സ്നേഹിക്കുകയും ചെയ്യണം."

**ശുദ്ധത എന്ന പുണ്യം അപേക്ഷിക്കുക.**

## അധികാരികൾ



**ദൈവിക അധികാരം പ്രതിഫലിപ്പിക്കുന്നവർ**

*10 a.m. - 12 noon*

"4-ാം വൃന്ദം മാലാഖമാരോട് ചേർന്ന് നിനക്കും പാപികൾക്കും ശുദ്ധീകരണ ആത്മാവുകൾക്കും മരണാസന്നർക്കും വേണ്ടിപ്രാർത്ഥിക്കുക."

**ദൈവഇഷ്ടപ്രസാദം അപേക്ഷിക്കുക.**

## താത്വികന്മാർ



**ദൈവിക തത്വങ്ങൾ വെളിപ്പെടുത്തുന്നവർ**

*12 noon - 2 p.m.*

"5-ാം വൃന്ദം മാലാഖമാരോട് ചേർന്ന് നിനക്കും നന്ദിയില്ലാത്ത മനുഷ്യവർഗത്തിന്റെയും പേർക്ക് യേശുവിന്റെ തിരുരക്തം കാഴ്ചവെച്ച് പരിഹാരം ചെയ്യണം."

**നിലനിൽപ് അപേക്ഷിക്കുക.**

## ബലവാന്മാർ



**ദൈവിക കല്പനകൾ നിറവേറ്റാൻ ബലം നൽകുന്നവർ**

*2 p.m. - 4 p.m.*

"6-ാം വൃന്ദം മാലാഖമാരോട് ചേർന്ന് തിരുസഭയുടെ വർദ്ധിപ്പിനുവേണ്ടി അപേക്ഷിക്കുക."

**നിന്റെ പരീക്ഷയിൽ ജയം പ്രാപിക്കാൻ വേണ്ടി അപേക്ഷിക്കണം.**

## പ്രാഥമികന്മാർ



**ദൈവരാജ്യം സംരക്ഷിക്കുന്നവർ**

*4 p.m. - 6 p.m.*

"7-ാം വൃന്ദം മാലാഖമാരോട് ചേർന്ന് മാർപ്പാപ്പയ്ക്കും മെത്രാന്മാർ വൈദീകർ എന്നിവർക്കും വേണ്ടി അപേക്ഷിക്കണം."

**പ്രേഷിത തീക്ഷ്ണത ലഭിക്കാൻ പ്രാർത്ഥിക്കുക.**

## മുഖ്യദൂതന്മാർ



**ദുഷ്ടാരൂപികൾക്കെതിരെ പ്രവർത്തിക്കുന്നവർ**

*6 p.m. - 8 p.m.*

"8-ാം വൃന്ദം മാലാഖമാരോട് ചേർന്ന് എന്റെ ദിവ്യകുമാരന്റെ മനുഷ്യാവതാരം, പിറവി, മരണം ഉയിർപ്പ് എന്ന ദിവ്യരഹസ്യങ്ങളെ വാഴ്ത്തി സ്തുതിക്കണം."

**നിന്റെയും സകലമനുഷ്യരുടെയും പേർക്ക് സ്തുതിക്കണം.**

## ദൈവദൂതന്മാർ



**ദൈവമക്കളെ സംരക്ഷിക്കുന്നവർ**

*8 p.m. - 10 p.m.*

"9-ാം വൃന്ദം മാലാഖമാരോട് ചേർന്ന് കർമ്മലീത്താ സഭയുടെയും ശേഷം എല്ലാ സഭകളുടെയും പുണ്യവർദ്ധനയ്ക്കും ഒരുക്കത്തോളമുള്ള നിലനില്പിനും വേണ്ടി അപേക്ഷിക്കണം."

**കാവൽ മാലാഖയുടെ നിമന്ത്രണങ്ങൾ ശ്രദ്ധിക്കുക.**

## സ്രാഫേന്മാർ

മാലാഖമാരിൽ ഏറ്റവും ഉന്നത സ്ഥാനീയരായ ഇവർ ദൈവത്തിന്റെ ചുറ്റും ഉപവിഷ്ടരായിരിക്കുന്നു. അവരുടെ സമയം മുഴുവൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉദ്ഘോഷിച്ചു കൊണ്ടിരിക്കുന്നു. ഭൂമി മുഴുവൻ അവിടുത്തെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു. അവർ സൗഖ്യദായകമായ അഗ്നിയാൽ ബന്ധപ്പെട്ടിരിക്കുന്നു. ഏത് സൃഷ്ടികൾക്കോ മറ്റ് മാലാഖമാർക്ക് പോലുമോ അവരുടെ മുഖം വീക്ഷിക്കുവാൻ അസാദ്ധ്യമാകത്തക്കവിധം പ്രകാശിതമായ 16 മുഖങ്ങളോടുകൂടിയവരാണവർ ഓരോരുത്തരുമെന്നാണ് പറയപ്പെടുന്നത്. അവർ 3 ജോഡി ചിറകുകൾ ഉള്ളവരുമായി ചിത്രീകരിക്കപ്പെടുന്നു.

## അധികാരികൾ

അധികാരത്തിന്റെ പ്രതിരൂപങ്ങളായ ഇവർ മരതക, സുവർണ്ണ നിറങ്ങളുള്ള മേലങ്കി ധരിച്ച് , ചെങ്കോലും ഖഡ്ഗവും വഹിക്കുന്നവരായി കാണപ്പെടുന്നു. അവർ മറ്റു മാലാഖമാരുടെ പ്രവർത്തനങ്ങളെ വ്യവസ്ഥാപിക്കയും അസ്തിത്വത്തിന്റെ സൂക്ഷ്മ ഘടകങ്ങളെ പോലും നിയന്ത്രിക്കുന്നു.

## പ്രാഥമികന്മാർ

മനുഷ്യർ അധിവസിക്കുന്ന നഗരം, പട്ടണം, ഭവനം, ഇത്യാദി ഘടനകളിലെ സംഭവ വികാസങ്ങൾ ഇവരെ ഭരമേല്പിച്ചിരിക്കുന്നു. മനുഷ്യർ തമ്മിൽത്തമ്മിലുള്ള വ്യാപരങ്ങളും ഇവരുടെ ശ്രദ്ധയിൽ കീഴിലാണ്. മനുഷ്യർ സാധാരണയായി നിസ്സാരമാക്കി തള്ളുന്ന കാര്യങ്ങളിൽ ജനശ്രദ്ധയെ ആകർഷിക്കത്തക്ക വിധത്തിലുള്ള അത്ഭുതസ്തപ്തരാകത്തക്ക വിധത്തിലുള്ള മഹാത്ഭുതങ്ങൾ ചെയ്യുന്നതിനും ഇവർക്ക് കഴിവുണ്ട്. ലോകനേതാക്കന്മാരുടെ ചിന്താഗതികളെ നിയന്ത്രിച്ച് നയിക്കുന്നതിൽ അവർ പലപ്പോഴും ഉദ്യുക്തരാണ്.

## ക്രോവേന്മാർ

നമ്മുടെ ആദിമാതാപിതാക്കന്മാരായ ആദവും ഹവ്വായും പറുദീസാ തോട്ടത്തിൽ നിന്ന് പുറത്താക്കപ്പെട്ടതിനുശേഷം പടികാവൽക്കാരായി കെറൂബിം മാലാഖമാർ നിയോഗിതരായി. 2 ജോഡി ചിറകുകളും 4 മുഖങ്ങളും ഉള്ള ഇവർ നിതാന്ത ജാഗ്രതയുടെയും ജ്ഞാനത്തിന്റെയും പ്രതീകങ്ങളായി കരുതപ്പെടുന്നു. അവർ ദൈവത്തിന്റെ രഥം വഹിക്കുന്നവരായും സ്വർഗ്ഗീയ സൈന്യത്തിന്റെ രേഖാലയ സൂക്ഷിപ്പുകാരായും കരുതപ്പെടുന്നു.

## താത്വികന്മാർ

ആധിപത്യങ്ങളെപ്പോലെ ഇവരും ഭരണകാര്യങ്ങൾ നിർവഹിക്കുന്നതോടൊപ്പം ഈ പ്രപഞ്ചം മുഴുവന്റെയും വിശദാംശങ്ങൾ ഇവരുടെ നിയന്ത്രണത്തിലാണ്. ആകാശഗോളങ്ങൾ (ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ) ശരിയായ ഭ്രമണപഥത്തിൽ ചരിക്കുന്നതും ഭൂമിയിലെ കാലാവസ്ഥ ഭേദങ്ങളും അവരുടെ നിയന്ത്രണത്തിൽ തന്നെ. മാനുഷികമായി ധൈര്യം, സത്യം എന്നിവ മനുഷ്യാത്മാക്കളിൽ സംജാതമാക്കുകയെന്ന കാര്യത്തിൽ ഇവർ കാര്യമായ പങ്ക് വഹിക്കുന്നുണ്ട് ഇവർ വിശുദ്ധരുടെ പ്രത്യേക മദ്ധ്യസ്ഥരാണ്. (Patron Angels)

## മുഖ്യദൂതന്മാർ

ചരിത്രപരമായി വീക്ഷിക്കുമ്പോൾ മാലാഖമാരുടെ ഗണത്തിൽ ഏറ്റവും കൂടുതൽ സന്നിഗ്ദാവസ്ഥയിൽ ഉള്ളവരാണിവർ. ചിലപ്പോൾ ഇവർ ദൈവദൂതഗണത്തിന്റെ നായകന്മാരായി ഗണിക്കപ്പെടുന്നു. മനുഷ്യരുമായുള്ള അവരുടെ സ്ഥാനം അല്പം താഴ്ന്നതരത്തിലുള്ളവരായി കരുതപ്പെടാറുണ്ട്. തിന്മക്കും സാത്താന്റെ കീഴിലുള്ള അധ:പതിച്ച മാലാഖമാർക്കും എതിരായുള്ള നിരന്തരയുദ്ധത്തിൽ ഇവർ പടത്തലവന്മാരായി വർത്തിക്കുന്നു. ഇവർ തങ്ങളുടെ നിരുപാധികമായ സ്നേഹം നല്കിക്കൊണ്ട് മനുഷ്യമക്കളുടെ തികച്ചും അന്ധകാരാവ്രതമായ ജീവിതഘട്ടങ്ങളിൽ ശാന്തിയും, സമാധാനവും, ആത്മീയോർജ്ജനവും പ്രദാനം ചെയ്യുന്നു.

## ഭദ്രാസനന്മാർ

അനേകം നേത്രങ്ങളുള്ള ഇവർ ദൈവീക രഥത്തിന്റെ ചക്രങ്ങളായി സേവനം അനുഷ്ടിച്ചു വരുന്നു. അവർക്ക് നിയോഗിക്കപ്പെട്ടിരിക്കുന്ന ദൗത്യം ദൈവിക നീതി സംസ്ഥാപിക്കലാണ്. അവരുടെ ശക്തി വിനീതത്വത്തിലാണ് സ്ഥിതി ചെയ്യുന്നത്. അവർ സെറാഫീം, കെറൂബീം, മാലാഖമാരെ പോലെ പ്രകാശിതരെങ്കിലും അവരുടെ വിനീതഭാവം ദൈവത്തിന്റെ നാമത്തിൽ അവിടത്തെ നീതി നടപ്പിലാക്കാൻ നിയോഗിതരായിരിക്കുന്നു.

## ബലവാന്മാർ

അധികാരികളെന്ന് വിളിക്കപ്പെടുന്ന ഇവർ ലോകത്തിന്റെ നിയന്ത്രണം സ്വന്തമാക്കാൻ ഉദ്യമിക്കുന്ന പൈശാചിക ശക്തികളുടെ തല തല്ലിത്തകർക്കാൻ പ്രത്യേകമായി നിയോഗിക്കപ്പെട്ടിരിക്കുന്നു. സ്വർഗ്ഗത്തിനും ഭൂമിക്കും ഇടയിലുള്ള വഴികൾ ഇവരുടെ അധീനത്തിലാണ്. പ്രലോഭനങ്ങളിൽ നിപതിക്കാതിരിക്കാൻ മനുഷ്യമക്കളെ കാത്ത് സംരക്ഷിക്കുന്നു. ലൂസിഫർ ഇക്കൂട്ടത്തിൽപ്പെട്ട ഒരുവനായിരുന്നു. വരപ്രസാദത്തിൽ നിന്നുള്ള അവന്റെ പതനത്തിൽ ഏറെപേരെ അവന്റെ അനുയായികളായി കൂടെ കൊണ്ടുപോയി.

## ദൈവദൂതന്മാർ

ഇവരെ ചിലപ്പോൾ കാവൽമാലാഖമാരെന്നും നാം വിളിക്കുന്നു. എങ്കിലും അവർ പ്രത്യേക നാമത്താൽ അറിയപ്പെടുന്നില്ല എന്നതാണ് വാസ്തവം. മരണാധീനരായ മനുഷ്യമക്കളുടെ മേൽ താല്ക്കാലികാധികാരം കയ്യാളുന്നവരായി കരുതപ്പെടുന്നു. ദൈവതിരുമുമ്പാകെ സെറാഫിം മാലാഖമാരുടേതിനേക്കാൾ ഒട്ടും താഴ്ന്നതല്ല ഇവരുടെ സ്ഥാനം. ദൈവകീർത്തനങ്ങൾ ആലപിക്കുന്ന ഗായകസംഘത്തിലെ അവരുടെ സ്ഥാപനത്തിൽ അവർ തികച്ചും സംതൃപ്തരാണ്.